**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 569** **09-08-2023 - ൽ മറുപടിയ്ക്ക്**

**നികുതി വെട്ടിപ്പ് തടയാൻ ജി.എസ്.ടി. വകുപ്പ് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നികുതി വെട്ടിപ്പ നടത്തി സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളെ കണ്ടെത്തുന്നതിന് ജി.എസ്.ടി. വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുനഃ സംഘടനയിലൂടെ തന്ത്ര പ്രധാന കേന്ദ്രങ്ങളിൽ 47 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ പുനർവിന്യസിച്ചു കൊണ്ട് സംസ്ഥാനത്ത് 24 മണിക്കൂറും ചരക്ക് വാഹനങ്ങളുടെയും അവയിലൂടെയുള്ള ചരക്ക് നീക്കത്തിന് ആവശ്യമായ രേഖകളുടെയും പരിശോധന ഉറപ്പ് വരുത്തുന്നുണ്ട്. ഇത്തരം പരിശോധനയിൽ ക്രമക്കേടും നികുതി വെട്ടിപ്പും കണ്ടെത്തുന്നവയിൽ ജി.എസ്.ടി നിയമം അനുശാസിക്കുന്ന നടപടികളെടുക്കുന്നു. കൂടാതെ വിവിധ ജില്ലകളിലായി, അതിർത്തി പ്രദേശങ്ങളിൽ പ്രത്യേകിച്ച്, സ്ഥാപിക്കപ്പെട്ട ANPR ക്യാമറ സംവിധാനത്തിലൂടെ വാഹന നീക്കങ്ങൾ നിരീക്ഷിച്ച് നടപടികളും സ്വീകരിക്കുന്നുണ്ട്. |
| (ബി) | ഇത്തരം പരിശോധനകളിലൂടെ കഴിഞ്ഞ വർഷം എത്ര തുകയാണ് പിഴയായി ഈടാക്കിയിട്ടുള്ളതെന്നും എത്ര വാഹനങ്ങളും ചരക്കുകളുമാണ് പിടിച്ചെടുത്തിട്ടുള്ളതെന്നും വിശദമാക്കാമോ? | (ബി) | ഇത്തരം പരിശോധനകളിലൂടെ കഴിഞ്ഞ വർഷം 5773.00 ലക്ഷം രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ 10,92,108 വാഹനങ്ങൾ പരിശോധിക്കുകയും അതിൽ 15,728 വാഹനങ്ങളിൽ ഉൾപ്പെടുന്ന ചരക്കുകൾക്ക് പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ